**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് മരണമടഞ്ഞ മൃഗശാലാ ജീവനക്കാരൻ ശ്രീ ഹർഷാദിന്റെ കുടുംബത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1303/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/07/2021

പരാമർശം:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/07/2021 -തീയതിയിലെ എ5/339402/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം മൃഗശാലയിലെ കീപ്പറായിരുന്ന ശ്രീ.ഹർഷാദ് 01/07/2021 -ന് ഡ്യൂട്ടിക്കിടയിൽ രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെടുകയുണ്ടായി. കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ശ്രീ ഹർഷാദിന്റേത് നിർദ്ധന കുടുംബമാണെന്ന് മേൽ പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് മരണമടഞ്ഞ മൃഗശാലാ കീപ്പറായിരുന്ന ഹർഷാദിന്റെ കുടുംബത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

മൃഗശാലാ ഡയറക്ടർ, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (08/07/2021 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ ഇനം നമ്പർ 106 OA നമ്പർ തീരുമാനം).

ഇൻഫർമേഷൻ കേരള മിഷൻ, വെബ്&ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 12-07-2021 11:03:42
Reason: Approved

സെക്ഷൻ ഓഫീസർ